തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ടാറ്റാ കൺസൾട്ടൻസിക്ക് ഭൂമി പാട്ടത്തിന് നൽകിയ വ്യവസ്ഥകൾ

9 (1319) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ടാറ്റാ കൺസൾട്ടൻസിക്ക് ഭൂമി പാട്ടത്തിന് കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര സ്ഥലമാണ് ടാറ്റാ കൺസൾട്ടൻസിക്ക് പാട്ടത്തിന് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പാട്ടവ്യവസ്ഥകൾ എന്തൊക്കെയാണ് ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ കോപ്പി നൽകുമോ ;

(ഡി) ഏത് ആവശ്യത്തിനാണ് ടാറ്റാ കൺസൾട്ടൻസിക്ക് ഭൂമി നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) ടെക്നോപാർക്കിൽ ടാറ്റയ്ക്ക് ഇതിന് മുൻപ് സ്ഥലം പാട്ടത്തിന് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്ഥലം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഉണ്ടെങ്കിൽ ഇതിന്റെ പാട്ടവ്യവസ്ഥകൾ എന്തെല്ലാം ;

(എഫ്) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ റവന്യൂ ഭൂമി ഏതൊക്കെ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ആയതിന്റെ വ്യവസ്ഥകൾ പറയാമോ ;

(ജി) സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 ഏക്കർ.

(സി) ടെക്നോപാർക്കിൽ, കമ്പനികൾക്കായി സ്ഥലം നൽകുന്നത് ടെക്നോപാർക്കിന്റെ അംഗീകൃത ചട്ടങ്ങൾ പ്രകാരമാണ്. ടാറ്റാ കൺസൾട്ടൻസിക്ക് ഭൂമി പാട്ടത്തിന് നൽകിക്കൊണ്ടുള്ള, 7-6-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 25/2003/ഐ.റ്റി.സി. അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനാണ് ടാറ്റാ കൺസൾട്ടൻസിക്ക് ഭൂമി പാട്ടത്തിന് നൽകുന്നത്.

(ഇ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	സ്ഥലം	മുഖവില	വാർഷിക വാടക രൂപ
1993	2 ഏക്കർ	15,00,000	10,000/ഏക്കർ
1998	15.3 സെന്റ്	2,29,500	10,000/ഏക്കർ

(എഫ്) ഫെയ്ഡ് ഡോക്കുമെന്റ് മാനേജ്മെന്റ് എന്ന കമ്പനിക്ക് ടെക്നോപാർക്കിൽ സ്ഥലം, താഴെ പറയുന്ന പ്രകാരം പാട്ടത്തിന് നൽകിയിട്ടുണ്ട്.

സ്ഥലം	മുഖവില രൂപ
1.4 ഏക്കർ	30,00,000 മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

(ജി) പഞ്ചായത്ത് പ്രദേശത്ത്, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ, 1995-ലെ കേരള മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലുള്ള വ്യവസ്ഥകൾക്കും വിധേയമായിട്ടാണ്, സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സർക്കാർ ഭൂമി പാട്ടത്തിന് നൽകി വരുന്നത്.

റവന്യൂ വകുപ്പിൽനിന്നും വനംവകുപ്പിന് കൈമാറ്റം ചെയ്യുന്ന ഭൂമി

10 (1320) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനായി ഭൂമിയുണ്ടോ ; ഉണ്ടെങ്കിൽ ഇതിൻപ്രകാരം ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി വീതമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം ഭൂമിയെക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു ഉന്നതാധികാരസമിതിയെ നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാം ;

(സി) ഈ ഉന്നതാധികാരസമിതിയുടെ പരിശോധനയിൽ ഇത്തരത്തിലുള്ള എത്ര ഹെക്ടർ ഭൂമി കണ്ടെത്തിയിട്ടുണ്ട് ; അവ എവിടെയെല്ലാം ;

(ഡി) ഇത്തരത്തിലുള്ള ഭൂമി സ്വകാര്യ വ്യക്തികൾക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എത്ര ഹെക്ടർ ഭൂമിയാണെന്നും എവിടെയെല്ലാമാണെന്നും വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly